**പതിനാലാം കേരള നിയമസഭ**

ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.615 24.01.2018-ലെ മറുപടിയ്ക്ക്

## വയനാട് ജില്ലയിലെ പദ്ധതികൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ.സി.കെ.ശശീന്ദ്രൻ** | | **ശ്രീ.എ.സി.മൊയ്തീൻ**<br>ബഹു.വ്യവസായ-വാണിജ്യ-കായിക യുവജനകാര്യ വകുപ്പ് മന്ത്രി | |
| (എ) | ഈ സർക്കാരിന്റെ കാലത്ത് കായിക വകുപ്പിന് കീഴിൽ വയനാട് ജില്ലയിൽ എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കിയിട്ടുള്ളത്; | (എ) | വയനാട് ജില്ലയിൽ ആർച്ചറി അക്കാദമിയിൽ 6 പ്രീ ഫാബ് കെട്ടിടങ്ങളുടേയും ചുറ്റു മതിലിന്റേയും നിർമ്മാണം പൂർത്തിയായി വരുന്നു. കൂടാതെ പ്രീ ഫാബ് കെട്ടിടങ്ങളുടെ സിവിൽ, ഇലക്ട്രിക്കൽ ഉൾപ്പെടെയുള്ള നിർമ്മാണ പ്രവർത്തനങ്ങളുടെ ടെണ്ടർ നടപടികൾ പൂർത്തിയായി വരുന്നു. 2020, 2024 ഒളിമ്പ്യക്സിൽ മെഡൽ നേട്ടക എന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ചിട്ടുള്ള ഓപ്പറേഷൻ ഒളിമ്പ്യ പദ്ധതിയിൽ ആർച്ചറിയെ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി ആർച്ചറി അക്കാദമിയിൽ മികച്ച പരിശീലന സൗകര്യങ്ങൾ ലഭ്യമാക്കുന്നതാണ്. |
| (ബി) | കൽപ്പറ്റ നിയോജക മണ്ഡലത്തിൽ കിഫ്ബി മുഖേന നിർമ്മാണം നടത്താൻ ഉദ്ദേശിക്കുന്ന ജില്ലാ സ്റ്റേഡിയത്തിന്റെ പ്രവർത്തനങ്ങൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ്; | (ബി) | വയനാട് ജില്ലയിൽ കിഫ്ബിയിൽ ഉൾപ്പെടുത്തി നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്ന പഞ്ചായത്ത് സ്റ്റേഡിയത്തിനു കിഫ്ബിയുടെ അനുമതി ലഭിച്ചിട്ടുണ്ട്. പ്രവർത്തികളുടെ ടെണ്ടർ നടപടികൾ ഈ സാമ്പത്തികവർഷം തന്നെ പൂർത്തിയാക്കുന്ന തരത്തിലുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. |
| (സി) | വയനാട് ജില്ലയിൽ വകുപ്പ് എത്ര ഇൻഡോർ സ്റ്റേഡിയങ്ങൾ | (സി) | 2016-17-ലെ ബഡ്ജറ്റിൽ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്ന |

| | | | |
|---|---|---|---|
| | നിർമ്മിക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത്; ഇവയുടെ പ്രവർത്തനം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ? | | വയനാട് ജില്ല സ്റ്റേഡിയം (സി.കെ.ഓംകാരനാഥൻ ഇൻഡോർ സ്റ്റേഡിയം) നിർമ്മിക്കുന്നതിന് 42.19 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഡി.പി.ആർ തയ്യാറാക്കുന്നതിന് കായിക വകുപ്പിന്റെ കിഫ്ബി പദ്ധതിയുടെ എസ്.പി.വിയായ കിറ്റ്കോ-യെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**